# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3271 — 21/12/2012-ൽ മറുപടിക്ക്

### കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം നവീകരണം

ചോദ്യം
ശ്രീമതി. പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം നവീകരണം നടത്തി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കൊട്ടാരത്തിലേക്ക് മാറ്റിയത് എന്നാണ്; | (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം 2010 ഏപ്രിൽ 15 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നവീകരണത്തിന് എത്ര രൂപ ചെലവഴിച്ചെന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വിശദമാക്കാമോ; | (ബി) | നവീകരണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>__പ്രവർത്തനങ്ങൾ__ — __ചെലവായ തുക.__<br>മ്യൂസിയം ദേവസ്വം ബോർഡ് കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങുന്നതിനു വേണ്ടി വന്ന പ്രാരംഭ ചെലവുകൾ. — 1,13,985/-രൂപ<br><br>മെഗലിത്ത് ഗ്യാലറി, ന്യൂമിസ്മാറ്റിക് ഗ്യാലറി, സ്കൾപ്ച്ചർ ഗ്യാലറി എന്നിവ സജ്ജീകരിക്കുന്നതിനും ബോർഡ് സ്ഥാപിക്കുന്നതിനും ലേബലിംഗിനുമായി ചെലവായത്. — 1,47,382/-രൂപ<br><br>ക്ലാസിക്കൽ ആർട്ട് ഗ്യാലറി, ഓഫീസ് എന്നിവ സജ്ജീകരിച്ച വകയിൽ ചെലവായത്. — 1,38,807/-രൂപ<br><br>നവരസ ശില്പങ്ങൾ, ദാരു-ശില്പങ്ങൾ എന്നിവ പ്രദർശന യോഗ്യമാക്കിയ വകയിൽ ചെലവായത്. — 19,750/-രൂപ<br><br>ആകെ - 4,19,924 (നാലുലക്ഷത്തി പത്തൊാൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തി നാല് രൂപ മാത്രം) |

| | | | |
|---|---|---|---|
| | | | മ്യൂസിയത്തിൽ പ്രദർശന വസ്തുക്കൾ ശാസ്ത്രീയമായി പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. പ്രദർശന വസ്തുക്കളുടെ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനും ഉള്ള സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മ്യൂസിയത്തിന്റെ തുടർ നവീകരണത്തിന് സമർപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ആടയാഭരണങ്ങളോടുകൂടിയ 9 കഥകളി പ്രതിമകളുടെ വേഷങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും, മ്യൂസിയത്തിലെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, കൂടാതെ ഒരു മൾട്ടി മീഡിയ കിയോസ്കിനു വേണ്ടിയും നിർദ്ദേശങ്ങളുണ്ട്. |
| (ഡി) | മ്യൂസിയം നവീകരണം പൂർണ്ണമാക്കി സന്ദർശകർക്ക് പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ ? | (ഡി) | നവീകരണത്തിനുള്ള പദ്ധതികളെല്ലാം തന്നെ സന്ദർശകരെയും കൂടി കണക്കിലെടുത്താണ്. നവീകരണത്തിനുള്ള പദ്ധതികൾക്കു അംഗീകാരം നൽകുന്ന മുറയ്ക്ക് ചെയ്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ